LIBRARY ARCHIVES Kerala Legislative Assembly

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ

101 (5779) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെട്കടർമാരുടെ 1996 കാലഘട്ടം മുതലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിനായി 21-3-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 63/2009/എ.ഡി. പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. പി. കെ. സുരേഷ് ബാബു മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 15703/2009-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ വിവിധ സംഘടനകളുടെ ആവശ്യം മുൻനിർത്തി താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽനിന്നും റേഷ്യോ പ്രൊമോഷൻ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്താൻ നടപടി

102 (5780) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ളീനിക്കായി ഉയർത്തണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി & സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള വിലക്കുകൾ കണക്കിലെടുത്തും മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഇതുപോലുള്ള കേന്ദ്രങ്ങൾ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട് എന്ന കാരണത്താൽ കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന അപേക്ഷ പരിഗണിക്കുവാൻ നിവർത്തിയില്ലെന്ന് മുൻപ് അറിയിച്ചിരുന്നുവെങ്കിലും ഇക്കാര്യം പുനഃപരിശോധനയിലാണ്.

വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

103(5784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ പാസ്സായ വെറ്ററിനറി ഡോക്ടർമാർക്ക് പി.എസ്.സി.-യിൽ നിന്നും നിയമനം ലഭിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെറ്ററിനറി ഡോക്ടർ തസ്തിക ഒഴിവു വരുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ ; നിലവിൽ എത്ര വേക്കൻസികളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മിൽമാ എന്നീ സ്ഥാപനങ്ങളിൽ നിലവിൽ എത്ര വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള വെറ്ററിനറി ഡോക്ടർമാരുടെ സ്ഥിരം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഈ വേക്കൻസികളിൽ എത്ര ഡോക്ടർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ഇ) സർക്കാർ ഉടമസ്ഥതയിലുള്ള ഹൈടെക് ഡയറി ഫാമുകളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട് ;

(എഫ്) വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകണക്കാക്കി പി.എസ്.സി. ക്ക് നല്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവു വരുന്ന തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളും ജനറൽ .ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. സംവരണ തസ്തികയിൽ

LIBRARY ARCHIVES Kerala Legislative Assembly